(i) സിറിയ

മദീനഃക്കുശേഷം ഇസ്‌ലാമിക ഭരണത്തിന്റെ കേന്ദ്രമായിരുന്നു സിറിയ. സിറിയയിലെ ദമസ്കസ് കേന്ദ്രമാക്കിയാണ് ഉമവികൾ ഇസ്‌ലാമിക സാമ്രാജ്യം ഭരിച്ചത്. പിന്നീട് ബഗ്ദാദ് കേന്ദ്രമാക്കി അബ്ബാസികൾ അധികാരത്തിൽ വന്നപ്പോൾ സിറിയയുടെ സ്ഥാനം ഒരു പ്രവിശ്യയുടെതായി ചുരുങ്ങി. ഫിലസ്തീനും ജറൂസലമും സിറിയൻ പ്രവിശ്യയിലായിരുന്നു. അബ്ബാസികൾക്ക് ശേഷം ബുവൈഹികൾ, സങ്കികൾ, അയ്യൂബികൾ എന്നിവരുടെ ഭരണത്തിൻ കീഴിലായി. പിന്നീട് സിറിയ കുരിശ് യുദ്ധങ്ങളുടെ രംഗഭൂമിയായി. നിർണായകമായ ഒരു പോരാട്ടത്തിനൊടുവിൽ സ്വലാഹുദ്ദീനിൽ അയ്യൂബി ഖുദ്സ് മോചിപ്പിച്ചു. അതിനു ശേഷം മംലൂകുകളുടെ ആധിപത്യത്തിലായ സിറിയ ഈജിപ്തിന്റെ ഭാഗമായി. തുടർന്ന് നാലു നൂറ്റാണ്ടുകാലം ഉഥ്മാനീ തുർകികളുടെ ആധിപത്യത്തിൽ വന്നു. സുദീർഘമായ ഈ കാലയളവിൽ നിരവധി ചിന്തകന്മാരും പണ്ഡിതന്മാരും ഇസ്‌ലാമിക സംസ്കാരത്തിന്റെ  പ്രചാരണത്തിലും വ്യാപനത്തിലും കാര്യമായ പങ്കുവഹിച്ചു. പ്രമുഖ പണ്ഡിതനും പരിഷ്കർത്താവുമായ ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യഃ ജനിച്ചതും വളർന്നതും തന്റെ ചിന്തകൾ പ്രചരിപ്പിച്ചതും സിറിയയിലായിരുന്നു. ഉഥ്മാനീ ഖിലാഫത് നാശോന്മുഖമായപ്പോൾ ഇതര മുസ്‌ലിം ഭൂപ്രദേശങ്ങളെപ്പോലെ സിറിയയും പാശ്ചാത്യ സാമ്രാജ്യ ശക്തികളുടെ പിടിയിലമർന്നു. 1920 മാർച്ചിൽ ഫ്രഞ്ച് സൈന്യം സിറിയ കൈവശപ്പെടുത്തി. പിന്നീട് സ്വാതന്ത്ര്യപ്പോരാട്ടങ്ങളും അറബി ദേശീയതയുടെ വളർച്ചയും സൃഷ്ടിച്ച അനുകൂല സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി ഒടുവിൽ സ്വതന്ത്രമായി.

ഇസ്‌ലാമിക സന്ദേശത്തിന്റെ കിരണങ്ങൾ ആദ്യകാലത്ത് തന്നെ പ്രചരിച്ച പ്രദേശമായിരുന്നു സിറിയ. സച്ചരിതരായ ഖലീഫഃമാരുടെ കാലത്ത് ഇസ്‌ലാമിക സന്ദേശത്തിന്റെ മുന്നേറ്റത്തിൽ കാര്യമായ പങ്കുവഹിച്ചവരായിരുന്നു അവിടത്തെ ജനത. ദീർഘകാലം ആ പാരമ്പര്യം അവർ നിലനിർത്തിപ്പോന്നു. ബനൂ ഇസ്റാഈലീ പ്രവാചകന്മാർക്ക് ശേഷം മുഹമ്മദ്നബിയുടെ ഒട്ടേറെ സ്വഹാബിവര്യന്മാരുടെ പ്രവർത്തനങ്ങളാൽ വിശുദ്ധമാണ് പ്രസ്തുത പ്രദേശം. പ്രമുഖ സ്വഹാബിമാരായ ബിലാൽ, അബൂഉബൈദതൽ ജർറാഹ്, ഖാലിദുബ്നുൽ വലീദ്, മുആവിയഃ തുടങ്ങിയ ഏറെപ്പേരെ മറമാടിയിരിക്കുന്നത്  സിറിയയിലാണ്.

ഉമവീ- അബ്ബാസീ കാലഘട്ടങ്ങളിൽ ഇസ്‌ലാമിക ഭരണം രാജവാഴ്ചക്ക് വഴിമാറിയെങ്കിലും ഇസ്‌ലാമിനെ ലോകസമക്ഷം സമർപ്പിക്കാൻ പര്യാപ്തമായ മൂല്യങ്ങളും മാതൃകകളും സിറിയയിലെ ജനങ്ങൾ പുലർത്തിപ്പോന്നിരുന്നു. ഇസ്‌ലാമിക മാതൃകകൾക്ക് അബ്ബാസികളുടെ കാലഘട്ടത്തിൽ അപചയം സംഭവിച്ചിരുന്നുവെങ്കിലും അതൊരു ശരിയായ നടപടിയല്ല എന്ന കാര്യം ജനങ്ങൾക്കറിയാമായിരുന്നു. എന്നാൽ ആധുനിക യുഗത്തിന്റെ തുടക്കത്തിൽ സംഭവിച്ച പാശ്ചാത്യാധിനിവേശത്തോടെ സ്ഥിതിഗതികൾ ആകെ മാറി. ചർച്ചും സ്റ്റേറ്റും വേർതിരിക്കപ്പെട്ടു എന്നു മാത്രമല്ല, രാഷ്ട്രഭരണത്തിൽ മതത്തിന്റെ സാധുത തന്നെ ചോദ്യം ചെയ്യപ്പെട്ടു. ലോകത്തെങ്ങും കോളനിവാഴ്ചയെത്തുടർന്നുളവായ ഈ പരിതഃസ്ഥിതിയിൽനിന്ന് മധ്യപൗരസ്ത്യ ദേശവും മുക്തമായിരുന്നില്ല. പാശ്ചാത്യൻ ചിന്തകളുടെ കാറ്റേറ്റ് വളർന്ന പ്രാദേശിക ഭരണാധികാരികൾ അവയ്ക്ക് തങ്ങളുടെ നാട്ടിൽ പ്രചാരണം നല്കി. നേരത്തെ ഇസ്‌ലാമിലെ തൗഹീദ് സങ്കല്പത്തിന് അപചയം സംഭവിച്ചപ്പോൾ ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യഃ, മുഹമ്മദുബ്നു അബ്ദിൽ വഹ്ഹാബ് തുടങ്ങിയ പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ മൂലം ജനങ്ങളെ ഒരു പരിധിവരെ തൗഹീദിന്റെ ശരിയായ വിഭാവനയിലേക്ക് തിരിച്ചുകൊണ്ടു വരുവാൻ കഴിഞ്ഞിരുന്നു. പില്ക്കാലത്ത് അറബ്-മുസ്‌ലിം ലോകത്ത് ഉദയംകൊണ്ട പരിഷ്കരണ പ്രസ്ഥാനങ്ങളും നവോത്ഥാന നായകൻമാരുടെ പ്രവർത്തനങ്ങളും സിറിയയിലും വ്യാപകമായ പ്രതിഫലനങ്ങൾ സൃഷ്ടിക്കുകയുണ്ടായി. ജമാലുദ്ദീനിൽ അഫ്ഗാനി, മുഹമ്മദ് അബ്ദു, സയ്യിദ് റശീദ് രിദാ, അമീർ ശകീബ് അർസ്‌ലാൻ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ സാർവലൗകിക ഇസ്‌ലാമിക സാഹോദര്യത്തിനും ആത്യന്തികമായി ഇസ്‌ലാമിക വ്യവസ്ഥയുടെ സംസ്ഥാപനത്തിനുമുള്ള ആഹ്വാനങ്ങളായിരുന്നു. 20-ാം നൂറ്റാണ്ടിൽ മുസ്‌ലിം ലോകത്ത് ഉദയംകൊണ്ട ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് വിശിഷ്യാ, ഈജിപ്ഷ്യൻ മണ്ണിൽ രൂപംകൊണ്ട അൽഇഖ്‌വാനുൽ മുസ്‌ലിമൂന്ന് സിറിയയിലും ശക്തമായ വേരുകളുണ്ട്. ഡോ. മുസ്ത്വഫാ ഹസൻ സിബാഇയാണ് സിറിയൻ പ്രദേശത്ത് ഇഖ്‌വാൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഇസ്‌ലാമിക വ്യവസ്ഥയുടെ സംസ്ഥാപനം അഭിലഷിക്കുന്നവരാണ് ജനതയിൽ നല്ലൊരു ഭാഗം.